(എ) സംസ്ഥാനത്ത് തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് തൊഴിൽ ചെയ്യുവരുന്ന തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനവും ആരോഗ്യപരിരക്ഷയും തൊഴിൽ സുരക്ഷയും ഉറപ്പുവരുത്തുന്നതിലേയ്ക്കായി 1948-ലെ മിനിമം വേതന നിയമം, 1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട് എന്നീ നിയമങ്ങൾ ഭേദഗതി നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. 1960-ലെ കേരള ഷോപ്പ് & കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1959-ലെ പ്ലാന്റേഷൻ ലേബർ ചട്ടങ്ങൾ എന്നിവയും ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ മേഖലകളിലെ തൊഴിലാളികളുടെയും ഇതര സംസ്ഥാനങ്ങളിൽനിന്നും വന്ന് നമ്മുടെ സംസ്ഥാനത്ത് ജോലി ചെയ്യുവരുന്ന തൊഴിലാളികളുടെയും ജീവിത സാഹചര്യം മെച്ചപ്പെടുത്തുക എന്നതാണ് തൊഴിൽ നിയമങ്ങളുടെ പരിഷ്കരണത്തിലൂടെ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. കേരള സംസ്ഥാനത്തെ തൊഴിൽ മേഖലകളിൽ നിയമംമൂലം യാതൊരു വേതനനിരക്കും നിശ്ചയിക്കപ്പെട്ടിട്ടില്ലാത്ത തൊഴിലാളികൾക്ക് അടിസ്ഥാന നിരക്കിൽ ഒരു കേവല വേതനം അവകാശമാക്കുന്നതിനായുള്ള ബിൽ തൊഴിൽ വകുപ്പ് തയ്യാറാക്കിവരികയാണ്.

(സി) തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നതിനായി ലേബർ കമ്മീഷണറേറ്റിൽ ഒരു തൊഴിൽ നിയമപരിഷ്കരണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ഗാന്ധിഗ്രാമം പദ്ധതി

18 (*528) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ പട്ടികജാതി കോളനികളിൽ ഗാന്ധിഗ്രാമം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 12 പട്ടികജാതി കോളനികളിൽ 'ഗാന്ധിഗ്രാമം' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) കോളനികളുടെ അടിസ്ഥാന സൗകര്യവികസനമാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ചുവടെ പറയുന്ന പ്രവൃത്തികളിൽനിന്നും കോളനികളുടെ വികസനത്തിനാവശ്യമായ പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കിവരുന്നു :

1. കോളനിക്കുള്ളിലെ റോഡ് / നടപ്പാതയുടെ നിർമ്മാണം.
2. ഡ്രെയിനേജ് സൗകര്യങ്ങൾ
3. കുടിവെള്ള പദ്ധതികൾ
4. വൈദ്യുതീകരണം
5. ബയോഗ്യാസ് പ്ലാന്റ്
6. കമ്മ്യൂണിറ്റി ഹാൾ / ഓഡിറ്റോറിയം
7. കോമ്പൗണ്ട് വാൾ

(സി) തെരഞ്ഞെടുത്ത 12 പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 30-9-2014-ലെ സ.ഉ. (കൈ) 70/2014/പ.ജ.പ.വ.വി.വ. നമ്പർ ഉത്തരവ് പ്രകാരം 11,58,73,819 രൂപ (പതിനൊന്ന് കോടി അൻപത്തെട്ട് ലക്ഷത്തി എഴുപത്തിമൂവായിരത്തി എണ്ണൂറ്റി പത്തൊൻപത് രൂപ) യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട കോളനികളും നിർവ്വഹണ ഏജൻസികളും ഓരോ കോളനിക്കും അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എസ്റ്റിമേറ്റ് തുകയുടെ 25 ശതമാനം നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി വിതരണം നടത്തുന്നതിന് 19-11-2014-ലെ സ.ഉ. (കൈ) നമ്പർ 83/2014/പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. തെരഞ്ഞെടുത്ത സർക്കാർ അക്രഡിറ്റഡ് ഏജൻസികളുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

ചെറുകിട ജലസേചന പദ്ധതികളുടെ വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ

19 (*529) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട ജലസേചന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത ജലസേചന പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ചെറുകിട ജലസേചന പദ്ധതികൾ വികസിപ്പിക്കുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നു വിശദമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) 2000 ഹെക്ടറിന് താഴെ ജലസേചനം ലഭ്യമാക്കുന്ന പദ്ധതികളെയാണ് ചെറുകിട ജലസേചന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കനാലുകൾ, ചെക്ക് ഡാമുകൾ, വി.സി.ബി. കൾ, ലിഫ്റ്റ് ഇറിഗേഷൻ എന്നിവയുടെ നിർമ്മാണവും പുനരുദ്ധാരണ പ്രവൃത്തികളുമാണ് സാധാരണയായി ചെറുകിട ജലസേചന പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പുതുതായി ആരംഭിക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും നിലവിലുള്ള പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തി പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുക്കുകയും ചെയ്യുന്നുണ്ട്. ഇതിനായി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly